## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 665 | 8.3.2012-ലെ മറുപടിക്ക് |
|---|---|

### കായംകുളം താലൂക്കാശുപത്രിയിലെ മോഡുലാർ തിയേറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) കായംകുളം താലൂക്കാശുപത്രിയിൽ നിർമ്മാണത്തിലിരിക്കുന്ന മോഡുലാർ ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) കായംകുളം താലൂക്കാശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളെ കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) പരാതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നിറുത്തിവച്ച് അന്വേഷണം നടത്തുകയും നിർമ്മാണ ഏജൻസിയോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. ഉപയോഗിച്ച ഒരു നിർമ്മാണ സാമഗ്രി Sheduled items-ൽ നിന്ന് വ്യത്യാസം കണ്ടതിനാൽ നിർമ്മാണ ഏജൻസിയിൽ നിന്ന് 65,655/- രൂപ കുറവ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി താലൂക്കാശുപത്രിയിലെ ഓപ്പറേഷൻ തിയറ്ററിൽ എന്തെല്ലാം പുനരുദ്ധാരണ പ്രവൃത്തികളാണ് നടപ്പിലാക്കിയത്; | സി) ഓപ്പറേഷൻ തിയറ്റർ ബ്ലോക്കിൽ അലൂമിനിയം ഫാബ്രിക്കേഷൻ ജോലികൾ ചെയ്യുകയും പോസ്റ്റ് ഓപ്പറേറ്റീവ് വാർഡുകളിൽ തറയിൽ ടൈലുകൾ പാകുകയും ചെയ്തിട്ടുണ്ട്. |
| ഡി) മോഡുലാർ ഓപ്പറേഷൻ തിയറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണ്; | ഡി) നിലവിൽ 70%-ത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പരാതിയിന്മേലുള്ള നടപടികൾ നടക്കുന്നതിനാൽ പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. |

| | |
|---|---|
| ഇ) ഏതെല്ലാം പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | ഇ) നിലവിലുള്ള ഓപ്പറേഷൻ തിയറ്റർ മോഡുലർ ഓപ്പറേഷൻ തിയറ്ററായും, പുരുഷൻമാരുടെ വാർഡ് മറ്റൊരു മോഡുലർ ഓപ്പറേഷൻ തിയറ്ററായും മാറ്റുന്നതും പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ഡോക്ടർമാരുടെ മുറി, തിയറ്റർ ജീവനക്കാരുടെ മുറി എന്നിവയുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ